12.	ഇന്ത്യാ ഗവൺമെന്റ് സ്പോൺസർ ചെയ്യുന്ന പരിശീലനം	0.22
13.	വിലയിരുത്തൽ പഠനം	1.21
14.	വയർലെസ്	-
15.	മറ്റിനങ്ങൾ	0.17
16.	വെള്ളക്കെട്ട് പ്രദേശങ്ങൾ നികത്തൽ	38.21
	സംസ്ഥാനാവിഷ്കൃത പദ്ധതി	
	ഫാം റോഡ്	193.60

(ഡി)&(ഇ) ഇല്ല. പക്ഷെ 60% ത്തിൽ കൂടുതൽ പണി പൂർത്തിയാക്കി ക്കഴിഞ്ഞ ജലസേചന പദ്ധതികളിൽകൂടി കാഡാ പ്രവർത്തനങ്ങൾ ആരംഭി ക്കുവാനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്രജലവിഭവ മന്ത്രാലയത്തിന് അയ ച്ചുകൊടുക്കുവാൻ നിർദ്ദേശമുണ്ട്.

(എഫ്) ഇല്ല.

54 (2745) ശുദ്ധജല വിതരണം നടത്താത്ത പ്രദേശങ്ങൾ

ശ്രീ. പാലോട് രവി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മുനിസി പ്പൽ കോർപ്പറേഷൻ അതിർത്തികളിൽ ശുദ്ധജലവിതരണം നടത്താത്ത ഏതെ ങ്കിലും പ്രദേശങ്ങൾ ഉണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ; ഈ സ്ഥലങ്ങളിൽ ശുദ്ധജലം ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം എന്നീ മുനിസിപ്പൽ കോർപ്പ റേഷൻ അതിർത്തികളിൽ എല്ലാ ഭാഗങ്ങളിലും ശുദ്ധജലവിതരണം നടത്തു ന്നുണ്ട്. കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയിൽ പല ഭാഗത്തും പ്രത്യേ കിച്ച് ഉയർന്ന പ്രദേശങ്ങളിൽ ഇനിയും പൈപ്പുലൈൻ സ്ഥാപിക്കുവാനുണ്ട്.

(ബി) തിരുവനന്തപുരം കോർപ്പറേഷനിലെ ചില ഉയർന്ന പ്രദേശങ്ങ ളിൽ ഭാഗീകമായി മാത്രമേ ശുദ്ധജല വിതരണം നടത്താൻ കഴിയുന്നുള്ളൂ. തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ എം.ആർ.ഹിൽ എന്ന സ്ഥലത്തേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിന് അടുത്തുള്ള സ്കൂൾ കോമ്പൗ ണ്ടിൽ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയിൽ പല ഭാഗത്തും പ്രത്യേകിച്ചു ഉയർന്ന പ്രദേശങ്ങളിൽ ഇനിയും പൈപ്പുലൈൻ സ്ഥാപിക്കുവാനുണ്ട്. എങ്കിലും ഇപ്പോൾ എൽ.ഐ.സി. യുടെ സഹായത്തോടെ നടപ്പാക്കിവരുന്ന കോഴിക്കോട് ശുദ്ധജല വിപുലീകരണപദ്ധതിയുടെ രണ്ടാം ഘട്ടം 2001-ൽ പൂർത്തിയാകുമ്പോൾ 18 ദശലക്ഷം ലിറ്റർ ശുദ്ധജലംകൂടി പ്രതിദിനം കോഴിക്കോട് നഗരത്തിൽ വിതരണം ചെയ്യുവാൻ കഴിയും. ശുദ്ധജലത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വളരെ ക്ഷാമമുള്ള ചില പ്രദേശങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തി ചില ചെറിയ എക്സ്റ്റൻഷൻ നടത്തി വിതരണ ശൃംഖലയിലെ ജലവിതരണം ക്രമീകരിച്ച് നടപടികൾ എടുത്തുവരുന്നുണ്ട്. കൊച്ചി കോർപ്പറേഷന്റെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജല വിതരണം നടത്തിവരുന്നുണ്ട്.

55 (2746) പദ്ധതികൾ കൈമാറുമ്പോൾ ജീവനക്കാരുടെ വിന്യാസം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുമ്പോൾ ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 23.11.1998 ലെ ജി.ഒ. (എം.എസ്.) 125/98/ജല.വ. അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജല അതോറിറ്റി കൈമാറുന്നത് ശുദ്ധ ജല വിതരണ പദ്ധതികളുടെ നടത്തിപ്പിനായി ഒരു പദ്ധതിക്ക് ഒരു ഓപ്പറേറ്റർ എന്ന നിലയിൽ, ജീവനക്കാരിൽനിന്നും ഓപ്ഷൻ വാങ്ങിയ ശേഷം മാറ്റാൻ ആണ് ഉദ്ദേശിച്ചിട്ടുള്ളത്. ജീവനക്കാരോട് ഓപ്ഷൻ ചോദിച്ചിട്ടില്ല. ഇതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

56 (2747) ഓരു വെള്ളം മാത്രം ലഭിക്കുന്ന സ്ഥലങ്ങൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിണറുകളിലും കുളങ്ങളിലും ഓരു വെള്ളമോ പുളിവെള്ളമോ മാത്രം ലഭിക്കുന്ന എത്ര സ്ഥലങ്ങൾ ഉണ്ട്;

(ബി) ഈ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഇവയുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താവുന്ന പഠനങ്ങൾ ജല അതോറിറ്റി നടത്തിയിട്ടില്ല. ആലപ്പുഴ, കൊല്ലം. തിരുവനന്തപുരം എന്നീ തീരദേശ ജില്ലകളിലും, പാലക്കാട് ജില്ലയിലുമാണ് ഇവ പ്രകടമായി കണ്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly